# Seek God through fasting and prayer

***ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ യഹോവയെ  അന്വേഷിക്കുക (2 ദിന:20:3)***




ഒരിക്കൽ ക്രൈസ്തവനായ ഒരു സൈനികനെ ശത്രുക്കളുമായി സമ്പർക്കം പുലർത്തി എന്ന കുറ്റം ചുമത്തി സൈന്യാധിപന്റെ മുമ്പിൽ ഹാജരാക്കി. ശത്രുപട്ടാളം റോന്തു ചുറ്റുന്ന സ്ഥലത്ത് ആരോ അയാളെ കണ്ടു എന്നതാണ് പരാതി. ചോദ്യം ചെയ്ത സൈന്യാധിനോട് വിജനമായ സ്ഥലത്ത് സ്വസ്ഥമായിരുന്ന് പ്രാർത്ഥിപ്പാൻ പോയി എന്ന് അയാൾ സമ്മതിച്ചു. എന്നാൽ ഇന്നുവരെ ഉണ്ടാകാത്ത പ്രതിസന്ധി ഘട്ടമാണ് നിങ്ങൾ നേരിടുവാൻ പോകുന്നത് അതിനാൽ ഇപ്പോൾ ഉറക്കെ പ്രാർത്ഥി ക്കുക ഞങ്ങളും കേൾക്കട്ടെ എന്ന് സൈന്യാധിപൻ ആജ്ഞാപിച്ചു.തന്നെ അറിയുന്ന ദൈവമുമ്പാകെ , ആജ്ഞ കേട്ട് മുട്ടുകുത്തിയ പട്ടാളക്കാരൻ പ്രാർത്ഥിച്ചു.പിതാവേ ! എന്റെ ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം എന്നിൽ നടപ്പാക്കേണമേ. ... ... ശക്തമായ ആ പ്രാർത്ഥന തുടർന്നു. പ്രാർത്ഥന അവസാനിക്കും വരെ സശ്രദ്ധം കേട്ടിരുന്ന സൈന്യാധിപൻ പറഞ്ഞു നിങ്ങൾക്കു പോകാം,  പൂർണ്ണ സന്തോഷത്തോടെ എന്നു പറഞ്ഞു. ദൈവവുമായുള്ള പട്ടാളക്കാരന്റെ ദീർഘകാലത്തെ നിരന്തര ബന്ധമാണ് അയാൾക്കു ലഭിച്ച വിടുതലിനു കാരണം.

ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ യഹോവയെ അന്വേഷിക്കുന്ന ജനത്തിന്റെ നടുവിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു. ഒരുമനപ്പെട്ട് പ്രാർത്ഥിച്ച ശിഷ്യൻമാരുടെ നടുവിൽ പരിശുദ്ധാത്മ സാന്നിദ്ധ്യം ഉണ്ടായത് അപ്പോ: 2:1-4 വരെ

യുള്ള ഭാഗത്ത് കാണാം. അപ്രകാരം യഹോവയെ ഉപവാസത്തോടെ അന്വേഷിച്ച ആളാണ് യെഹോശാഫാത്ത്. ഈ വാക്കിന്റെ അർത്ഥം യഹോവ എന്റെ ന്യായാധിപൻ എന്നാണ്.

## ഉപവസിച്ച് പ്രാർത്ഥിക്കുന്നതിന്റെ പ്രത്യേകതകൾ

### 1. പ്രശ്ന പരിഹാരകനെ കണ്ടെത്തുന്നു.

ന്യായാധിപൻ ആരെന്ന് മനസ്സിലാക്കുവാൻ ഉപവാസവും പ്രാർത്ഥനയും സഹായിക്കുന്നു. കാരണം ഈ ന്യായാധിപനാണ് യഥാർത്ഥ പ്രശ്ന പരിഹാരകൻ. നെഹമ്യാവ് തന്റെ സുഖകരമായ ജീവിതത്തെ മറന്ന് പ്രവാസത്തിലായ ജനത്തിന്റെ കഷ്ടം ഓർത്ത് കരഞ്ഞു. ഉപവസിച്ചു , പ്രാർത്ഥിച്ചു. (നെഹ:1:3-4) 2 ദിന: 20:3,4 വാക്യങ്ങളിൽ തന്റെ നേരെ വരുന്ന വലിയ ജനസമൂഹത്തെ ഭയന്ന്, സഹായം ചോദിപ്പാൻ യഹോവയുടെ സന്നിധിയിൽ ഒന്നിച്ചു കൂടിയ രാജാവിനെയും ജനത്തേയും കാണാം.

### 2. ദൈവീക ജ്ഞാനം അന്വേഷിക്കുന്നു.

മാനുഷിക ജ്ഞാനം തേടാതെ ദൈവത്തിലാശ്രയിച്ച് പ്രവർത്തിപ്പാനുള്ള ജ്ഞാനവും വിവേകവും ഉപവസിച്ച് പ്രാർത്ഥിക്കുന്ന സ്വാഭാവമുള്ളവന് ലഭ്യമാകുന്ന ഗുണമാണ്. ഏതു പ്രവർത്തി തുടങ്ങും മുമ്പും പ്രാർത്ഥിക്കുന്നത് ഒരു ശീലമാക്കുക. രാജാവായ യെഹോശാഫാത്തിന് ശത്രു വരുന്നു എന്നറിഞ്ഞപ്പോൾ പുറപ്പെടുവാൻ തയ്യാറാകുവാൻ സൈന്യാധിപൻമാരോട് പറയാമായിരുന്നു. സമയം കിട്ടുന്നതനുസരിച്ച് പ്രാർത്ഥിക്കാമെന്നും പറഞ്ഞില്ല. ഇന്നത്തെ Newgen: കുട്ടികൾക്ക് പ്രവർത്തി , പ്രാർത്ഥന, ഉപവാസം എന്ന വാക്കുകൾ മടുപ്പുളവാക്കുന്നവയാണ്. സാധാരണ മാനുഷ ജ്ഞാനം ഉപേക്ഷിച്ച് പ്രശ്ന പരിഹാരത്തിന് ദൈവീകജ്ഞാനം അന്വേഷിക്കുന്നവന് വിജയം നിശ്ചയമാണ്.

### 3. എന്തുകൊണ്ട് എന്ന് ചോദിക്കുന്നില്ല

2 ദിന:(20:1)ൽ അതിനുശേഷം എന്ന ഒരു വാക്ക് ശ്രദ്ധിക്കുക. ഏതിനുശേഷം എന്നത് മനസ്സിലാക്കുവാൻ 2 ദിന:19:5-11 വരെയുള്ള ഭാഗം ശ്രദ്ധിക്കുക. സ്വയത്തെ ഉപേക്ഷിച്ചു തെറ്റു സംഭവിച്ചത് തിരുത്തി എന്നിട്ടും ശത്രു വന്നത് എന്തുകൊണ്ട് എന്ന് രാജാവ് ചിന്തിച്ചില്ല. കഴിവില്ലാത്ത ഭരണത്തലവൻ എന്ന് ജനം പറയും എന്ന് ചിന്തിക്കാതെ ദൈവത്തോട് സഹായം ചോദിപ്പാനും താൻ എന്തെല്ലാം ചെയ്ത് എന്നും എന്തിനിങ്ങനെ സംഭവിച്ചു എന്ന് ചോദിക്കാതിരിപ്പാനും പ്രാർത്ഥന കേൾക്കുന്നവനോട് നിരന്തര സമ്പർക്കമുള്ളവർക്കേ കഴിയുകയുള്ളൂ.

### 4. താഴ്മയുള്ളവരാകുന്നു.

പ്രാർത്ഥനാശീലമുള്ളവൻ നിഗളസ്വഭാവമില്ലാത്തവനാണ്. യെഹോശാഫാത്തിന്റെ പ്രാർത്ഥന ആരംഭിക്കുന്നതു തന്നെ തങ്ങൾക്ക് ശക്തിയില്ല എന്ന് സമ്മതിച്ചു കൊണ്ടാണ്. 2 ദിന:20:6-12 വരെയുള്ള ഭാഗം ശ്രദ്ധിക്കുക. ഇന്ന് നശ്വരമായ പണം,

പദവി ഇവയിലാശ്രയിച്ച് നിഗളിക്കുന്നവരല്ലേ ഒരു വലിയ സമൂഹം യെഹോശാഫാത്തിന്റെ താഴ്മ നമുക്കൊരു മാതൃകയാകട്ടെ.

***5. പ്രാർത്ഥനയുടെ നിയന്ത്രണം ദൈവകരങ്ങളിൽ***

പ്രാർത്ഥനയിൽ ദൈവത്തെ മഹത്വപ്പെടുത്തി താഴ്ത്തി ഏല്പിച്ച ജനത്തിന് ശത്രുവിനെ എപ്രകാരം അഭിമുഖീകരിക്കാമെന്ന് യഹസീയേൽ എന്ന ലേവ്യനിൽ വന്ന യഹോവയുടെ ആത്മാവ് വെളിപ്പെടുത്തുന്നു. Read 2 ദിന:20:14-17

***6. അനുസരിപ്പാനുള്ള കൃപ ലഭ്യമാകുന്നു.***

ഉപവസിച്ച് പ്രാർത്ഥിക്കുന്നവൻ ദൈവീക വാക്കുകൾ കേട്ട് അനുസരിക്കുന്നു. യെഹോശാഫാത്തും കൂട്ടരും യഹോവയുടെ ആത്മാവിന്റെ നിർദ്ദേശം അനുസരിച്ചു. അതിനാൽ ശത്രുവിനോട് യുദ്ധം ചെയ്യാതെ തന്നെ യുദ്ധത്തിൽ ജയിച്ചു. “Faith in God means obedience in His word” കുഞ്ഞുങ്ങളെ വഴി തടസ്സപ്പെടുമ്പോൾ ഉപവസിച്ച് പ്രാർത്ഥിച്ച് ദൈവീക വാക്കുകൾ കേട്ടനുസരിക്കുക.

***7. ശത്രു പ്രാർത്ഥിക്കുന്നവനെ ഭയക്കുന്നു.***

ഉപവസിച്ച് പ്രാർത്ഥിക്കുന്നവന് സ്വഭാവശുദ്ധി ഉണ്ടാകുന്നു. അതുമൂലം ദൈവശക്തി അവനിലേക്ക് ഒഴുകി എത്തുന്നു. പിന്നീട് അവൻ പരിശുദ്ധാത്മ നിയന്ത്രണത്തിലാകുന്നു. ഇത് സാത്താൻ ഭയപ്പെടുന്നു. Read :2ദിന: 20:27-29

പ്രതിഫലം നൽകി മാനിക്കുന്ന ദൈവത്തെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ അന്വേഷിച്ച് ഈ സപ്തഗുണങ്ങൾക്ക് അവകാശികളാകുവാൻ തീരുമാനിക്കുക. ദൈവം നമ്മോടുകൂടെയുണ്ട്. നിശ്ചയമായും നമുക്ക് അനുഗ്രഹീതരാകുവാൻ കഴിയും.

***ശാന്തമ്മ വർഗ്ഗീസ്***

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg